A3-4468/20/CFS.

AO
Pl. notify main website and NB.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2020 ലെ പൊതു സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1192/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 26/06/2020

പരാമർശം:- 1 03.03.2020 ലെ സ.ഉ (സാധ) 480/2020/ആകുവ നമ്പർ ഉത്തരവ്.

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.06.2020 ലെ ഇ.എച്ച്1/93942/2019/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ 2020 ലെ പൊതു സ്ഥലംമാറ്റ പ്രക്രിയ പൂർത്തീകരിക്കാൻ വകുപ്പിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിൽ തടസ്സം നേരിട്ടിരുന്നു എന്നും എന്നിരുന്നാലും സ്ഥലംമാറ്റ ഉത്തരവിന് ശേഷം സ്ഥാനം പുനപരിശോധിക്കും എന്ന ഉപാധിയിൽ എല്ലാ സ്ഥാനക്കയറ്റങ്ങളും ലോക്ഡൗൺ പീരിയഡിൽ പൂർത്തികരിച്ചിട്ടുണ്ട് എന്നും ആയതിനാൽ ജൂൺ 30 നകം അപേക്ഷ സ്വീകരിച്ച് ജൂലൈ 20-ന് പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി ജൂലൈ 31 ന് അന്തിമ. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന രീതിയിൽ സ്ഥലമാറ്റം നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശം (1) സർക്കാർ ഉത്തരവിലെ ഒന്നാമത്തെ വ്യവസ്ഥ " 2020 ജൂൺ 30 വരെ അപേക്ഷ സ്വീകരിക്കുകയും 2020 ജൂലൈ 20 ന് കരട് ലിസ്റ്റ് തയ്യാറാക്കി ജൂലൈ 31-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്." എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJAN NAMDEV KHOBRAGADE
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

ആരോഗ്യ വകുപ്പ ഡയറക്ടർ, തിരുവനന്തപുരം

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Copy communicated to all officers.

01/07/20

AO